കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി11/1253/16.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.17.12.16

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്- 2015 - 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി11/1253/16 തീയതി.17.12.16

## ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2016 മുതൽ 31.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.11.2016മുതൽ 30.11.2016 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.റോയ്.ടി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കെ.ബി.സുനിൽ, ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ഗീതാ കാർത്തികേയൻ<br>ശ്രീ. എം.ജി.രാജു | 01.04.2015മുതൽ 18.11.2015 വരെ 19.11.2015മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. ടി.ജി.ഗോപിനാഥൻ | 01.04.2015മുതൽ<br>31.03.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സണ്‍

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. എം.ജി.രാജു<br>ശ്രീമതി.രോഷ്നി സുനിൽ | 01.04.2015മുതൽ 18.11.2015 വരെ 19.11.2015മുതൽ 31.03.2016 വരെ |
| 2 | വികസന കാര്യം | ശ്രീമതി.ലജിത തിലകൻ<br>ശ്രീ.വി.പ്രസന്നൻ | 01.04.2015മുതൽ 18.11.2015 വരെ<br>19.11.2015മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.വി.പ്രസന്നൻ<br>ശ്രീമതി. ലജിത തിലകൻ | 01.04.2015മുതൽ 18.11.2015 വരെ<br>19.11.2015മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസ കാര്യം | ശ്രീമതി.കമലമ്മ<br>ശ്രീ. പി.അക്ബർ | 01.04.2015മുതൽ 18.11.2015 വരെ<br>19.11.2015മുതൽ 31.03.2016 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ജി.വി.റജി | 01.04.2015മുതൽ 31.03.2016 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.എസ്.ജയശ്രീ | 01.04.2015മുതൽ 31.03.2016വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രേഖ.കെ | 01.04.2015മുതൽ 31.03.2016വരെ |
| 4 | വി.ഇ.ഒ, കഞ്ഞിക്കുഴി | ശ്രീമതി.ആർ. സുജയ | 01.04.2015മുതൽ 31.03.2016വരെ |
| 5 | വി.ഇ.ഒ, മായിത്തറ | ശ്രീ.കെ.രഞ്ജിത്ത് | 01.04.2015മുതൽ 31.03.2016വരെ |
| 6 | പ്രധാനാദ്ധ്യാപിക, എൽ.പി.എസ് | ശ്രീമതി.ഡി.മഞ്ജുള | 01.04.2015മുതൽ 31.03.2016വരെ |
| 7 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ.സജില. എസ്. പിള്ള | 01.04.2015മുതൽ 31.03.2016വരെ |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ടി.കെ.പൊന്നമ്മ | 01.04.2015മുതൽ 31.03.2016വരെ |
| 9 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ടി.റജീന | 01.04.2015മുതൽ 31.03.2016വരെ |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. പി.സിനിമോൾ | 01.04.2015മുതൽ 31.03.2016വരെ |
| 11 | അസി. സെക്രട്ടറി | ശ്രീമതി. കെ.ജയകല | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 2-1 |
| 3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി | 2-2 |
| 4 | വിമുക്തഭടന്മാരുടെ വസ്തുനികുതി ഇളവ്-നടപടിക്രമങ്ങൾ സംബന്ധിച്ച രേഖകളില്ല. | 2-3 |
| | ഭാഗം 3 | |
| 5 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - സ്റ്റോർ പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചില്ല. | 3-1 |
| 6 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഫോട്ടോയെടുക്കുന്നതിന് അധിക തുക ചെലവഴിച്ചു. | 3-2 |
| 7 | ജനകീയ ജൈവ ഹരിത സമൃദ്ധി - പരിശീലനം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 3-3 |
| 8 | ജനകീയ ജൈവ ഹരിത സമൃദ്ധി - പച്ചക്കറിതൈ ഉല്പാദനം- ചെലവ് രേഖകൾ പൂർണ്ണമല്ല. | 3-4 |
| 9 | നെൽകൃഷിയ്ക്ക് വിത്തും വളവും –- ക്വട്ടേഷൻ ക്ഷണിക്കാതെ വളം വാങ്ങി. | 3-5 |
| 10 | പിഎച്ച്സിയ്ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നും, ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-6 |
| 11 | മീഡിയ ശ്രീ പദ്ധതി - ഡോക്യുമെന്ററി ലഭ്യമാക്കിയിട്ടില്ല. | 3-7 |

| | | |
|---|---|---|
| 12 | തെരുവ് വിളക്കുപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 3-8 |
| | ഭാഗം 4 | |
| 13 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.15 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 112289400 | 111850900 |
| വാർഷിക കണക്ക് പ്രകാരം | 71220616 | 56240451 |

2015-16 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 41068784/-രൂപയുടേയും ചെലവിൽ 55610449/-രൂപയുടേയും വ്യത്യാസം കാണുന്നു.

ദീർഘ വീക്ഷണത്തോടു കൂടി ബജറ്റ് തയ്യാറാക്കത്തതിന്റെ പ്രതിഫലനമാണിത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 23.06.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25592657 |
| വരവ് | 45627959 |
| ആകെ | 71220616 |

| | |
|---|---|
| ചെലവ് | 56240451 |
| നീക്കിയിരിപ്പ് | 14980165 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ടി.സി തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 2245484 | 3465125 | 6687904 | 12398513 | 12194807 | 0 (*) |
| എസ്.സി.പി. | 2583226 | 2927283 | (-)1151747 | 4358762 | 4358762 | 0 |
| ടി.എസ്.പി. | 14000 | 49100 | -- | 63100 | 63100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 613675 | 4410712 | -- | 5024387 | 5024387 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 957563 | 1218757 | -- | 2176320 | 2176320 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2855710 | 7371022 | (-)3179294 | 7047438 | 7047438 | 0 |
| പെർഫോ മൻസ് ഗ്രാന്റ് | 3498603 | 1448250 | (-)2356863 | 2589990 | 2589990 | 0 |
| എ.എൻ.ആർ. ഇ. ജി.എസ്. | 126212 | 718693 | -- | 844905 | 844054 | 851 |
| ബി ഫണ്ട് | 0 | 1939520 | -- | 1939520 | 1939520 | 0 |

(*)കുറിപ്പ്- ബാലൻസുള്ള 203706/-രൂപ 31.3.2016ൽ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. ടി തുക വാർഷിക ധനകാര്യ പത്രികയിൽ ലയബിലിറ്റി ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 194 | 51379006 | 148 | 38589480 | 33 | 13 | 76 |

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.18ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3543514 | 2732914 | (-)810600 | (-)22.87 |
| നികുതിയേതര വരവുകൾ | 375161 | 353494 | (-)21667 | (-)5.77 |
| മറ്റ് വരവുകൾ | 320788 | 127731 | (-)193057 | (-)60.18 |
| ആകെ | 4239463 | 3214139 | (-)1025324 | (-)24.18 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1502520 | 794 |
| കർഷകതൊഴിലാളി പെൻഷൻ | 3487590 | 4429 |
| വിധവാ പെൻഷൻ | 8540440 | 8141 |
| വാർദ്ധക്യകാല പെൻഷൻ | 7262850 | 8203 |
| വികലാംഗ പെൻഷൻ | 3901990 | 3750 |
| വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 738480 | 695 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 743/- രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). ഡി ആന്റ് ഒ രജിസ്റ്റർ, വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയും കൃത്യമായി തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2016 | 09/2016 | 06/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.09.16 | 2011-16 | 10.11.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2015-16 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, ചെറുവാരണം എസ്സ്.സി.ബി. 1817 ലെ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | പേര്, ഉദ്യോഗപ്പേര് | കാലയളവ് | വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | സി.സിനി സീനി.ക്ലർക്ക് | ഒന്നാം അർദ്ധവർഷം | 1,38,432 | 1250 | 1000 | 250 |
| 2. | ആർ. സജീവ്. അറ്റൻഡർ | ഒന്നാം അർദ്ധവർഷം | 1,11,822 | 1000 | 750 | 250 |
| 3. | സി.സിനി സീനി.ക്ലർക്ക് | രണ്ടാം അർദ്ധവർഷം | 1,38,432 | 1250 | 1000 | 250 |
| 4. | ആർ. സജീവ്. അറ്റൻഡർ | രണ്ടാം അർദ്ധവർഷം | 1,11,822 | 1000 | 750 | 250 |
| | | | | | ആകെ | 1000 |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/ തീയതി. 21.11.2016) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി

സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ തീയതി 14.01.2011പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലുള്ള മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, ഈടാക്കിയ വസ്തു നികുതിയുടെ വിവരം എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/18.11.2016) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ടവറുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലയെന്നും, നിലവിൽ വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി ഈടാക്കിയിട്ടുള്ളതെന്നും, അസസ്സ്മെന്റ് നടപടികൾ പൂർത്തിയാക്കി ഏരിയയുടെ അടിസ്ഥാനത്തിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ സ്ഥല വിസ്തീർണ്ണം കണക്കിലെടുത്ത് നിയമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 വിമുക്തഭടന്മാരുടെ വസ്തുനികുതി ഇളവ്-നടപടിക്രമങ്ങൾ സംബന്ധിച്ച രേഖകളില്ല.

02-07-2013 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 242/2013ത.സ്വ.ഭ.വ പ്രകാരം വിമുക്ത ഭടന്മാരുടെ 2000ച.അടിയിൽ കവിയാത്ത തറ വിസ്തീർണ്ണമുള്ള വീടിന് മാത്രമേ ഇളവിന് അർഹതയുള്ളൂ. ഇളവ് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും മറ്റൊരു കെട്ടിടത്തിനും ഇളവ് ലഭിക്കുന്നില്ലെന്ന സാക്ഷ്യപത്രം വാങ്ങേണ്ടതുമാണ്. വിമുക്തഭടന്റെ

ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ ഇളവ് വിവരം മുദ്ര വച്ച് നല്കണം. കൂടാതെ നികുതി ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10 നകം പഞ്ചായത്തിൽ സമർപ്പിക്കണം. എന്നാൽ 2015-16 സാമ്പത്തിക വർഷം വിമുക്തഭടന്മാർക്ക് നികുതി ഇളവ് നൽകിയപ്പോൾ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകളും, രജിസ്റ്ററുകളും പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിമുക്തഭടന്മാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച നടപടി ക്രമങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് ഉറപ്പാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - സ്റ്റോർ പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചില്ല.

നിർവ്വഹണം –അസി. സെക്രട്ടറി

ചെലവ് തുക -- 99,372 (ബിൽനം 27/2015-16/ 30.3.2016)

എസ് സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ (പ്രോജക്ട് നം 59/2016) എന്ന പദ്ധതിയ്ക്കായി താഴെപറയുന്ന സ്പെസിഫിക്കേഷനിലുള്ള 50 മേശയും 50കസേരയും വാങ്ങി നൽകുന്നതിന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി.

| ഇനം | സ്പെസിഫിക്കേഷൻ | എണ്ണം |
|---|---|---|
| മേശ | 31*21 അളവിൽ നോവാപാൻ ഉപയോഗിച്ച് നിർമ്മിച്ച ഡസ്ക് മോഡൽ മേശ (പുസ്തകങ്ങളും പഠനോ പകരണങ്ങളും വയ്ക്കുവാനുള്ള ബോക്സ് സഹിതം) | 50 |
| കസേര | സ്റ്റെയ്ൻലെസ് സ്റ്റീൽ ഉപയോഗിച്ച് നിർമ്മിച്ചത്, റബ് വുഡ് സീറ്റിംഗ് ടോപ്പ് | 50 |

നാല് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത കികോ ബിസിനസ് കോർപ്പറേഷൻ അടൂർ എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും 28 ജോടി മേശയും കസേരയും വിതരണം ചെയ്തതിന് 99,372 രൂപ (ഡിഡിനം 561797/31.3.2016) നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കികോ ബിസിനസ് കോർപ്പറേഷൻ

സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിനോടൊപ്പം ഹാജരാക്കിയ പ്രൊഫോർമ ഇൻവോയ്സ് നം.58/13.7.2015 പ്രകാരം മേൽ സ്പെസിഫിക്കേഷനിലുള്ള ഒരു മേശയ്ക്ക് 1890 രൂപയാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റിനോടൊപ്പം ഇതേ സ്പെസിഫിക്കേഷനിലുള്ള മേശ ഒന്നിന് 2450 രൂപയെന്ന് രേഖപ്പെടുത്തിയ മറ്റൊരു ഇൻവോയ്സ് (നം 405/13.7.2015) വയ്ക്കുകയും ഇതിൽ കാണിച്ചിട്ടുള്ള വിലയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് തുക നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം പഞ്ചായത്തിന് 15,680 രൂപയുടെ (28*2450 – 28*1890) നഷ്ടം ഉണ്ടായിട്ടുണ്ട്. കുറഞ്ഞ നിരക്കിലുള്ള മേശയ്ക്ക് ഗുണനിലവാരമില്ലായെന്ന് പ്രൊക്യൂവർമെന്റ് കമ്മറ്റിയും സ്റ്റിയറിംഗ് കമ്മറ്റിയും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആയത് വാങ്ങേണ്ടായെന്ന് തീരുമാനിച്ചതെന്നാണ് ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. എന്നാൽ മേൽ കമ്മറ്റികൾ ഇത്തരമൊരു തീരുമാനമെടുത്തതിന്റെ യാതൊരുവിധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ ഒരേ സ്പെസിഫിക്കേഷനിലുള്ള ഒരിനത്തിന് രണ്ടു തരം നിരക്ക് രേഖപ്പെടുത്തിയ രണ്ട് പ്രൊഫോർമ ഇൻവോയ്സുകൾ ടെണ്ടർ രേഖകളോടൊപ്പം ഹാജരാക്കിയെങ്കിലും കൂടിയ നിരക്കിലുള്ള തുക മാത്രമാണ് ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയത്. സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതുമൂലം അധികം ചെലവഴിച്ച 15,680 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഫോട്ടോയെടുക്കുന്നതിന് അധിക തുക ചെലവഴിച്ചു

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2015-16 വർഷം നടപ്പാക്കിയ പ്രവൃത്തികളുടെ ഫോട്ടോ എടുത്തു നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഒരു പ്രവൃത്തിയുടെ നാല് ഫോട്ടോകൾ 200രൂപയ്ക്ക് എടുത്തു നൽകുന്നതിന് പാപ്പാളീസ് സ്റ്റുഡിയോയുടെ ഉടമ ശ്രീ.രതീഷ് കളത്തിവീട് എന്നയാളുമായി കരാറിലേർപ്പെടുകയും ചെയ്തു. ഇതനുസരിച്ച് തൻവർഷം പൂർത്തീകരിച്ച 270 പ്രവൃത്തികളുടെ ഫോട്ടോകൾ എടുത്തു നൽകിയതിന് പാപ്പാളീസ് സ്റ്റുഡിയോയുടെ ഉടമ ശ്രീ. രതീഷ് കളത്തിവീട് എന്നയാൾക്ക് 54,000 രൂപ (വൗച്ചർനം. 21500378/ 14.9.2015 –22000, വൗച്ചർനം 21500581/ 15.12.2015 –32000) നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് സെല്ലിന് സ്വന്തമായി ഉണ്ടായിരുന്ന രണ്ട് ക്യാമറകൾ ഉപയോഗ ശൂന്യമായതിനാലും വിവിധ വാർഡുകളിലായി നടക്കുന്ന നിരവധി പ്രവൃത്തികളുടെ ഫോട്ടോകൾ അടിയന്തിരമായി അപ് ലോഡ് ചെയ്യണമെന്നും ഫയലിൽ സൂക്ഷിക്കണമെന്നുമുള്ള നിർദ്ദേശം പാലിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തതെന്നും സ്വന്തം ക്യാമറയിൽ ഫോട്ടോ എടുത്താലും അതിന്റെ പ്രിന്റ് എടുക്കുന്നതിന് വീണ്ടും തുക ചെലവഴിക്കേണ്ടി വരുമെന്നും ഇതുകൂടി കണക്കിലെടുത്താണ് ക്യാമറ വാങ്ങാതിരുന്നതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. 2015-16 വർഷം പുതിയൊരു ക്യാമറ വാങ്ങിയിരുന്നെങ്കിൽ പോലും മേൽ തുകയുടെ നാലിലൊരു ഭാഗം മാത്രമേ ചെലവാകുമായിരുന്നുള്ളൂ. ഇത്തരത്തിലുള്ള അധിക ചെലവുകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ജനകീയ ജൈവ ഹരിത സമൃദ്ധി - പരിശീലനം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

കഞ്ഞിക്കുഴി ജനകീയ ജൈവ ഹരിത സമൃദ്ധി (പ്രോജക്ട് നം 56/2016) എന്ന പദ്ധതിയുടെ ഭാഗമായി 25.7.2015ന് കർഷകർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയ്ക്കായി 32000 രൂപ ചെലവഴിച്ചിട്ടുണ്ട് (250 പേർക്ക് ഭക്ഷണം --25000, നോട്ടീസ് –1850, മൈക്ക് --1775, ഓണറേറിയം --1500, പേന,പാഡ് --1875). ഇതിനുശേഷം വീണ്ടും ഇതേ പദ്ധതിയ്ക്കായി പരിശീലനത്തിന് 30.1.2016 ൽ വികസന ഫണ്ടിൽ നിന്നും 18000 രൂപ (ബിൽനം 3/2015-16/ 30.1.2016) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ പരിശീലന പരിപാടി എപ്പോൾ എവിടെവച്ച് നടന്നുവെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന്റെ ചെലവിന് ആധാരമായി ഹാജരാക്കിയിട്ടുള്ള ബില്ലുകളുടെ തീയതികൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 250 പേർക്ക് ഭക്ഷണം നൽകിയതിന് ഹോട്ടൽ ലാവിഷിൽ നിന്നും ഹാജരാക്കിയ 17500 രൂപയുടെ (സ്ഥാപനത്തിന് നൽകിയതായി കാണിച്ചിട്ടുള്ളത് 16250) ബില്ലിലെ തീയതി 12.8.2015 ആണ്. എന്നാൽ പരിശീലനത്തിന് പേന, പാഡ് എന്നിവ വാങ്ങിയതിന് പുത്തമ്പലം ഓഫ്സെറ്റ് പ്രസിൽ നിന്നുള്ള 1945 രൂപയുടെ (സ്ഥാപനത്തിന് നൽകിയതായി കാണിച്ചിട്ടുള്ളത് 1750) ബില്ലിലെ തീയതി 14.12.2015 ആണ്. കൂടാതെ രണ്ടാമത്തെ പരിശീലനത്തിന് നോട്ടീസ്, മൈക്ക്, ഓണറേറിയം എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടില്ല. മാർച്ച് മാസത്തെ തിരക്കിൽ കൃഷിവകുപ്പ് പദ്ധതികളുടെ ബില്ലും പഞ്ചായത്ത് തല പദ്ധതികളുടെ ബില്ലും തമ്മിൽ മാറിപോയതാകാമെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് കൃഷി ഓഫീസർ മറുപടി നൽകിയത്. എന്നാൽ ടി മറുപടിയെ സാധൂകരിക്കുന്ന യഥാർത്ഥ ബില്ലുകളൊന്നും ഹാജരാക്കാത്ത സാഹചര്യത്തിൽ രണ്ടാംഘട്ട പരിശീലനത്തിനായി പിൻവലിച്ച 18000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ജനകീയ ജൈവ ഹരിത സമൃദ്ധി - പച്ചക്കറിതൈ ഉല്പാദനം- ചെലവ് രേഖകൾ പൂർണ്ണമല്ല.

ജനകീയ ജൈവ ഹരിത സമൃദ്ധി (പ്രോജക്ട് നം 137/2016) എന്ന സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി എ.ഡി.എസിന്റെ നേതൃത്വത്തിൽ പച്ചക്കറിതൈ ഉല്പാദിപ്പിച്ച് വിതരണം ചെയ്യതിന് വാർഡൊന്നിന് 10,000 രൂപ പ്രകാരം 18 വാർഡുകൾക്കായി 1,80,000 രൂപ നൽകിയിട്ടുണ്ട്. വാർഡ്തല സമിതികൾ ഹാജരാക്കിയ കണക്ക് പ്രകാരം ടി തുക ചെലവഴിച്ചിരിക്കുന്നത് താഴെപറയുംപ്രകാരമാണ്.

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | പച്ചക്കറി വിത്ത് പാകിയതിന് | 5000 |
| 2 | തൈകൾ നനച്ച് സംരംക്ഷിച്ചതിന് | 1500 |

| | | |
|---|---|---|
| 3 | വിതരണംനടത്തിയതിന് വണ്ടി വാടക | 2500 |
| 4 | വാർത്താ മാധ്യമങ്ങൾക്ക് നൽകിയത് | 1000 |
| | ആകെ | 10,000 |

വാർത്താ മാധ്യമങ്ങൾക്ക് ചെലവായത് എന്ന രീതിയിൽ ഓരോ ഗ്രൂപ്പുകളും വൗച്ചർ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഇതിനെ സാധൂകരിക്കുന്ന ബില്ലോ പത്രപരസ്യത്തിന്റെ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു ഇനത്തിന് തുക ചെലവഴിച്ചതിന്റെ രേഖകൾ ആവശ്യപ്പെട്ടപ്പോൾ ടി തുക മഴമറ നിർമ്മിച്ചതിനുള്ള കൂലിച്ചെലവ് ആണെന്നും ലോക്കൽ ചാനലിൽ ഇതുസംബന്ധിച്ച വാർത്ത ഉണ്ടായിരുന്നെന്നുമാണ് മറുപടി നൽകിയത്. എന്നാൽ ഇതുസംബന്ധിച്ച വൗച്ചറുകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. പൊതുപണം വിനിയോഗിച്ചുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തുമ്പോൾ ചെലവിന്റെ സംശുദ്ധി തെളിയിക്കുന്ന തിനാധാരമായ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 3-5 നെൽകൃഷിയ്ക്ക് വിത്തും വളവും -- ക്വട്ടേഷൻ ക്ഷണിക്കാതെ വളം വാങ്ങി

നെൽകൃഷിയ്ക്ക് വിത്തും വളവും (പ്രോജക്ട് നം 55/2016), എന്ന പദ്ധതിക്കായി 2015 ജൂലൈ മാസം 9000 Kg വേപ്പിൻ പിണ്ണാക്ക് കിലോഗ്രാമിന് 23 രൂപ നിരക്കിലും 9000 Kg കുമ്മായം കിലോഗ്രാമിന് 12 രൂപ നിരക്കിലും കായിപ്പുറം സർവ്വീസ് സഹകരണ ബാങ്കിനു കീഴിലുള്ള സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങുകയും കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്രയും ഉയർന്ന അളവിലുള്ള പർച്ചേസ് ആയിരുന്നിട്ടുപോലും സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരമുള്ള മത്സരാധിഷ്ഠിത സ്വഭാവത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തിയിരുന്നു എങ്കിൽ വിലയിൽ താരതമ്യേന കുറവുണ്ടാകുമായിരുന്നു. ഉദാഹരണമായി പഞ്ചായത്തിന് സമീപമുള്ള കിസാൻ അഗ്രോടെക് മായിത്തറ എന്ന സ്ഥാപനം ഇതേ കാലയളവിൽ വേപ്പിൻ പിണ്ണാക്ക് കിലോഗ്രാമിന് 20 രൂപ നിരക്കിലും, കുമ്മായം കിലോഗ്രാമിന് 10 രൂപ നിരക്കിലുമാണ് പാടശേഖര സമിതികൾക്ക് സപ്ലൈ ചെയ്തിരുന്നത്. ചാലുങ്കൽ പാടശേഖര സമിതി കിസാൻ അഗ്രോടെക് എന്ന സ്ഥാപനത്തിൽ നിന്നും രൊക്കം പണം നൽകി വാങ്ങിയതുകൊണ്ടാണ് കുറഞ്ഞ നിരക്കിൽ വളം ലഭിച്ചതെന്നും ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്ന സാധനങ്ങളുടെ വില പിന്നീട്

നൽകുന്നതിനാൽ ടി വിലക്കുറവ് ലഭിക്കുകയില്ലെന്നമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് കൃഷി ഓഫീസർ മറുപടി നൽകിയത്. സ്റ്റോർ പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ച് വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പി.എച്ച്.സിയ്ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നും, ഉപകരണങ്ങളും പൂർണ്ണമായും വിതരണം നടത്തിയില്ല

പി.എച്ച്സി.യ്ക്ക് മരുന്നും ഉപകരണങ്ങളും (പ്രോജക്ട് നം 16/2016) എന്ന പദ്ധതിയ്ക്കായി 200000 രൂപ (ബിൽനം 2/2015-16/ 30.1.2016) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം നാളിതുവരെ 1,61,616 രൂപയുടെ മരുന്ന് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. അതുപോലെ പാലിയേറ്റീവ് കെയർ പദ്ധതി (പ്രോജക്ട് നം. 15/2016) പ്രകാരം കിടപ്പ് രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 50,022 രൂപ (ബിൽനം 4/2015-16/ 3.3.2016) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും 43,161രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നും ഉപകരണങ്ങളും എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 മീഡിയ ശ്രീ പദ്ധതി - ഡോക്യുമെന്ററി ലഭ്യമാക്കിയിട്ടില്ല

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയ ശ്രീ പദ്ധതിയുടെ ഭാഗമായി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി സ.ഉ.(സാധാ.)നം 3206/2014/ ത.സ്വ.ഭ.വ തീയതി 05-12-2014പ്രകാരം 65,000/- രൂപ ഡിസ്ട്രിക്ട് കോ ഓർഡിനേറ്റർ, കുടുംബശ്രീ മിഷന്റെ പേരിൽ (ഡി.ഡി.നം.143573 തീയതി 25-08-2015) നൽകിയിട്ടുണ്ട്. കരാർ പ്രകാരം (കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല) തുക കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ ഡോക്യുമെന്ററിയുടെ 10 പകർപ്പുകൾ പഞ്ചായത്തിൽ ലഭ്യമാക്കേണ്ട തായിരുന്നു. എന്നാൽ പ്രസ്തുത ഡോക്യുമെന്ററിയുടെ പകർപ്പുകൾ നാളിതുവരെ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/18.11.2016) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ഡോക്യുമെന്ററിയുടെ പകർപ്പുകൾ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡോക്യുമെന്ററി ലഭ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 തെരുവ് വിളക്കുപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ കൈപ്പറ്റുന്നയാളുടെ പേര് വിവരം, ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല. മുൻ വർഷങ്ങളിൽ നീക്കിയിരുപ്പുള്ള ഉപകരണങ്ങൾ തൻവർഷത്തെ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം സ്റ്റോക്കിന്റെ

കൃത്യമായ കണക്ക് വിവരം ഓഡിറ്റിൽ ലഭ്യമായിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ പരിശോധിക്കുന്നില്ല. വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപത്രം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അപാകതകൾ പരിഹരിച്ച് സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. ഡിപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ തൻവർഷത്തെ വരവ്, തിരികെ നൽകിയ തുക, നീക്കിയിരുപ്പ് തുക എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
2. കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.(ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.)
3. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കി യിട്ടില്ല.
4. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 2249300 | ഹരിതസമൃദ്ധി | 2239742 | 9558 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 179300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 179300 | -- |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തി യുടെ പേര് | ബിൽ/ ഡി.ഡി. നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1. | പി.കെ.പത്മൻ | എൻ.എച്ച്. കുടിലിങ്കൽ റോഡ് | 670083/ 27.10.2015 | 100000 | 100000 | -- |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(ആർടി) നം. 221/2010 ത.സ്വ.ഭ.വ, 21.1.2010 | 13575000 | 6487250 | 3150736 | | 3336514 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1024575 |
| തൻവർഷം നിക്ഷേപിച്ച തുക | 113310 |
| ആകെ | 1137885 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1137885 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥിരനിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിരനിക്ഷേപം എസ്സ്സിബി-എ1558 | 1137885 |
| ആകെ | 1137885 |

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 71220616 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56240451 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15680 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 83000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1000 | | ടി.ജി.ഗോപിനാഥൻ, സെക്രട്ടറി |
| 3-1 | | 15680 | കെ.ജയകല, അസി.സെക്രട്ടറി |
| ആകെ | 1000 | 15680 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 18000 | ജി.വി.റജി, കൃഷിഓഫീസർ |
| 3-7 | 65000 | ടി.ജി.ഗോപിനാഥൻ, സെക്രട്ടറി |
| ആകെ | 83000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.ജി.ഗോപി നാഥൻ, സെക്രട്ടറി | സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ധ്യാൻ നിവാസ്, മായിത്തറ.പി.ഒ, ചേർത്തല |
| കെ.ജയകല, അസി.സെക്രട്ടറി | അസി.സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ന്യൂറ്റുപാറ, എസ്.എൻ.പുരം.പി.ഒ, ചേർത്തല |
| ജി.വി.റജി, കൃഷിഓഫീസർ | -- | മുളയ്ക്കൽ ഹൗസ്, പള്ളിപ്പുറം.പി.ഒ, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2006-2007 | എൽ.എഫ്.ജി.എ5-1577/2013/16.5.2014 |
| 2007-2008 | എൽ.എഫ്.ജി.എ5-1577/2013/7.6.2014 |
| 2008-2009 | എൽ.എഫ്.ജി.എ5-1577/2013/15.5.2014 |
| 2009-2010 | എൽ.എഫ്.ജി.എ5-1577/2013/16.5.2014 |
| 2010-2011 | എൽ.എഫ്.എപി-8-821/2012/5.11.12/31.12.12 |
| 2011-2012, 12-13 | എൽ.എഫ്.എപി-8-192/2014/26.6.14/3.7.14 |
| 2013-2014 | എൽ.എഫ്.എ.എ.എൽ.പി-11- 1620/15/17.12.15/31.12.15 |
| 2014-2015 | കെ.എസ്.എ.എൽ.പി-പി11-782/16/15.7.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി11/1253/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 17-12-2016.

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

No. KSA-ALP/P11/1253/2016

Kerala State Audit Department,
District Audit Office, Alappuzha.
Date: 17-12-16.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kanjikuzhi Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Kanjikuzhi Grama Panchayat for the year 2015-16 except the observations in my audit report para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department.